ഞ്ഞതിന്റെ സ്പിരിറ്റ് പൂർണ്ണമായും ഉൾക്കൊള്ളുകയാണ്. അതനുസരിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കും.

# V. റിപ്പോർട്ട് സമർപ്പണം

## (1) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനെട്ടു മുതൽ ഇരുപത്തിയൊന്നു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. രാജു : സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 18 മുതൽ 21 വരെയുള്ള റിപ്പോർട്ടുകൾ സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## (2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ നാൽപ്പത്തിയഞ്ചും നാൽപ്പത്തിയാറും റിപ്പോർട്ടുകൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 45, 46 എന്നീ നമ്പർ റിപ്പോർട്ടുകൾ സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

# VI. അറിയിപ്പ്

മി. സ്പീക്കർ : ഓർഡർ...ഓർഡർ... ബ്ലോക്ക് പഞ്ചായത്തുകളുടേയും ഗ്രാമപഞ്ചായത്തുകളുടേയും വാർഷിക പദ്ധതി രേഖകൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകേണ്ടത് ജൂൺ 30, ജൂലൈ 6 എന്നീ തീയതികൾക്ക് മുമ്പാണ്. അങ്ങനെയാണ് അതിന്റെ തീരുമാനം. ഇതിനായി ഡി.പി.സി. (ജില്ലാ ആസൂത്രണ സമിതി) തുടർച്ചയായി ഈ സമയങ്ങളിൽ യോഗം ചേരേണ്ടിവരും. നിയമസഭാംഗങ്ങൾ ഡി.പി.സി.യിൽ അംഗങ്ങളല്ല. പക്ഷേ ക്ഷണിതാക്കളാണ്. ഇവിടെ മുമ്പ് വന്ന പ്രശ്നം ആയതുകൊണ്ടും വീണ്ടും വരാവുന്നതായതുകൊണ്ടും പറയുകയാണ്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് അംഗങ്ങളെ അറിയിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇന്നലെ എനിക്ക് ഒരു കത്ത് നൽകി. ഈ വിഷയം ഞാൻ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ക്ഷണിതാക്കളെന്ന നിലയിൽ യോഗങ്ങളിൽ പങ്കെടുക്കാൻ ഇൻസിസ്റ്റ് ചെയ്താൽ അത് നടപ്പാക്കുവാൻ ബുദ്ധിമുട്ടുവരും. അതുകൊണ്ട് ആ രൂപത്തിൽ തീരുമാനിക്കണമെന്ന് പറഞ്ഞു. മറ്റു മാർഗ്ഗമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly